ലേഖനം ● സദ്റുദ്ദീൻ വാഴക്കാട്



# ദ്വിരാഷ്ട്രവാദത്തിനും തീവ്ര സാമുദായികതക്കുമെതിരെ

**മാനവികതയാണ്** ജമാഅത്തെ ഇസ്‌ലാമിയുടെ മുഖമുദ്ര എന്നതുകൊണ്ട് ദ്വിരാഷ്ട്രവാദത്തെയും അതിന് ഹേതുവായ തീവ്ര സാമുദായികതയെയും നിശിതമായി എതിർത്തുകൊണ്ടായിരുന്നു ജമാഅത്തിന്റെ രംഗപ്രവേശം. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്തുരക്ഷിക്കണമെന്നും സാമുദായിക മൈത്രി ഊട്ടിയുറപ്പിക്കണമെന്നും ഒരു കാരണവശാലും രാജ്യം വിഭജിക്കാൻ പാടില്ലെന്നും ജമാഅത്ത് ശക്തിയുക്തം വാദിച്ചു. രാജ്യം വെട്ടിമുറിക്കുന്നതിനെതിരെ ആർജവത്തോടെ നിലകൊള്ളുകയും വിഭജനം ഒഴിവാക്കാൻ പോംവഴികൾ നിർദേശിക്കുകയും ചെയ്ത മറ്റൊരു സംഘടനയും ജമാഅത്തിനെപ്പോലെ ഇന്ത്യയിൽ ഉണ്ടായിട്ടില്ല.

സ്വാതന്ത്ര്യ സമരത്തെ തകർക്കാനും ഇന്ത്യയെ തുടർന്നും അടിമയാക്കി വെക്കാനും ബ്രിട്ടൻ പയറ്റിയ 'ഭിന്നിപ്പിച്ചു ഭരിക്കൽ' തന്ത്രത്തിന്റെ അനന്തര ഫലമായിരുന്നു വർഗീയ ധ്രുവീകരണം. സവർക്കറെ പോലുള്ളവരുടെ നേതൃത്വത്തിൽ സവർണ വംശീയവാദവും സങ്കുചിത ദേശീയത്വവും ഒരു ഭാഗത്ത് ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. അതിനോടുള്ള പ്രതികരണമായി തീവ്ര സാമുദായികതയും രംഗത്തുവന്നു. സാമുദായിക തീവ്രവാദവും മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ മുസ്‌ലിം രാഷ്ട്രവാദവും കത്തിനിൽക്കുന്ന ചരിത്ര സന്ധിയിലാണ് 1941ൽ ജമാഅത്തെ ഇസ്‌ലാമി പിറന്നു വീണത്. സാമുദായികതയും അതിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രവാദവും അംഗീകരിക്കാത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി എന്നതിന്റെ ഏറ്റവും വലിയ സാക്ഷ്യം, സംഘടനയുടെ

രൂപവത്കരണം തന്നെയാണ്. മുസ്‌ലിം രാഷ്ട്രവാദമാണ് ലക്ഷ്യമെങ്കിൽ മൗലാനാ മൗദൂദിക്കും സമാന ചിന്താഗതിക്കാർക്കും മുസ്‌ലിം ലീഗിൽ ചേർന്നാൽ മതിയായിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെ മാനവികതയെയും ബഹുസ്വരതയെയും ആദർശാധിഷ്ഠിതമായി പ്രതിനിധീകരിക്കാനും പ്രബോധനം ചെയ്യാനുമാണ് അദ്ദേഹം തീരുമാനിച്ചത്.

1947 ഏപ്രിൽ 25,26 തീയതികളിൽ മദ്രാസിൽ ചേർന്ന ജമാഅത്തിന്റെ ദക്ഷിണേന്ത്യൻ സമ്മേളനം പാകിസ്താൻ പ്രസ്ഥാനത്തെ പൂർണമായും തള്ളിക്കളയുകയുണ്ടായി. ആ സമ്മേളനത്തിൽ മൗലാനാ മൗദൂദി നടത്തിയ ചരിത്രപ്രധാനമായ പ്രസംഗം മുൻനിർത്തി, പ്രമുഖ പണ്ഡിതനും സ്വാതന്ത്ര്യ സമരസേനാനിയും പിൽക്കാലത്ത് ഇന്ദിരാഗാന്ധിയുടെ കീഴിൽ കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി ഉപാധ്യക്ഷനുമായിരുന്ന റഫീഖ് സകരിയ്യ, പാകിസ്താൻ വാദത്തിനും വിഭജനത്തിനുമെതിരെ ശക്തമായി നിലപാടെടുത്ത പണ്ഡിതനായിരുന്നു മൗദൂദി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "അബുൽ കലാം ആസാദ് കഴിഞ്ഞാൽ, പാകിസ്താൻ പ്രസ്ഥാനത്തിനെതിരെ വിഭജനത്തിന്റെ ആദ്യനാളുകളിൽ ഉയർന്ന മറ്റൊരു ശബ്ദം ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടേതായിരുന്നു. തങ്ങളുടെ നേതൃത്വത്തിന്റെ രാഷ്ട്രീയക്കളിയിൽനിന്ന് മുസ്‌ലിംകൾക്ക് രാഷ്ട്രീയ അവമതിയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കാനില്ലെന്ന് അദ്ദേഹം മുസ്‌ലിംകളോട് പറഞ്ഞു. 1947 ഏപ്രിൽ 25-ന് മദ്രാസിൽ ചേർന്ന ജമാഅത്ത് സമ്മേളനത്തെ അഭിസംബോധന ചെയ്ത് മൗദൂദി പറഞ്ഞു: "പഴയ നിലപാടുകളിൽ ഉറച്ചുനിൽക്കാൻ വാശിപിടിക്കുന്നത് വിനാശകരമായിരിക്കും. കാരണം തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള മുസ്‌ലിംകളുടെ ശ്രമം ഹിന്ദുക്കളുടെ വർഗീയ മുൻവിധികളെ കൂടുതൽ ഊട്ടിയുറപ്പിക്കുകയേയുള്ളൂ. അതിനാൽ സർക്കാരിൽനിന്നോ അധികാര കേന്ദ്രങ്ങളിൽനിന്നോ ഒരു സമുദായമെന്ന നിലയിൽ ഒന്നും ലഭിക്കാനില്ല എന്ന കാര്യം മുസ്‌ലിംകൾക്കിടയിൽ വ്യാപകമായി ഒരു പൊതു ജനാഭിപ്രായം സൃഷ്ടിക്കാൻ നാം ശ്രമിക്കണം. അതുപോലെ ഹിന്ദു ദേശീയ വാദത്തോട് മത്സരിക്കുന്ന ഒരു മുസ്‌ലിം ദേശീയത ഇല്ലെന്ന കാര്യം സ്വന്തം മനോഭാവങ്ങളിലൂടെ അവരെ ബോധ്യപ്പെടുത്താനും മുസ്‌ലിംകൾക്ക് കഴിയണം. അമുസ്‌ലിം ഭൂരിപക്ഷത്തിന് ഇസ്‌ലാമിന്റെ പേരിലുള്ള അത്യസാധാരണമായ മുൻവിധികൾ നീക്കാൻ അതുമാത്രമേ വഴിയുള്ളൂ" (റഫീഖ് സകരിയ്യ-Indian Muslims: Where Have They Gone wrong?, page 31).

'മുസ്‌ലിം ദേശീയത'യെ വ്യക്തമായ ഭാഷയിൽ തന്നെ തള്ളിക്കളഞ്ഞ ജമാഅത്ത്, വിഭജനവാദത്തെ പിന്തുണക്കാതിരിക്കുന്നത് സ്വാഭാവികം. "പാൻ ഇസ്‌ലാമിസമാണ് ജമാഅത്തെ ഇസ്‌ലാമിയെങ്കിലും ഇസ്‌ലാമിക ദേശീയതക്കും പാകിസ്താൻ രൂപവത്കരണത്തിനും എതിരായിരുന്നു മൗദൂദി. അതിന്റെ മുഖ്യ ഉദ്ദേശ്യം മുസ്‌ലിംകളെ പരിഷ്കരിക്കലും അമുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാം പരിചയപ്പെടുത്തലുമാണ്" (ഡേവിഡ് ദേവദാസ്- കശ്മീർ ഡയറി, *മാതൃഭൂമി* 2003 സെപ്റ്റംബർ 2). പാകിസ്താൻ പ്രസ്ഥാനത്തിന് കൂട്ടുനിൽക്കാത്തതുകൊണ്ടുതന്നെ മുസ്‌ലിം ലീഗ് നിശിതമായ വിമർശനമാണ് അക്കാലത്ത് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ നടത്തിയിരുന്നത്. ജമാഅത്തിന്റെ പാറ്റ്നാ സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്തതിനെതിരെ മുസ്‌ലിം ലീഗ് നടത്തിയ പ്രചാരണങ്ങൾ ഉദാഹരണം. "പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിയുടെ സാന്നിധ്യം മുസ്‌ലിം ലീഗിന്റെ തൽപരവൃത്തങ്ങളിൽ വമ്പിച്ച അസ്വസ്ഥതയും അസംതൃപ്തിയുമാണ് ഉളവാക്കിയത്. ജമാഅത്ത് കോൺഗ്രസ്സിന്റെ ഒരമ്മായിയാണെന്ന തങ്ങളുടെ സംശയം ഇതോടെ തെളിഞ്ഞ സത്യമായി കഴിഞ്ഞുവെന്ന് അവർ നിർവിശങ്കം വിളംബരം ചെയ്തുതുടങ്ങി. ചില സ്ഥലങ്ങളിൽ ജമാഅത്ത് പ്രവർത്തകർക്കു നേരെ കല്ലേറു പോലും നടന്നു" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി). "ജമാഅത്തെ ഇസ്‌ലാമി കോൺഗ്രസ്സിനെ പിന്തുണക്കുകയും ലീഗിനെ എതിർക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ്. മുസ്‌ലിം നേതാക്കളെയൊന്നും ക്ഷണിക്കാതെ പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജിയെ പ്രത്യേകം ക്ഷണിച്ച് പങ്കെടുപ്പിച്ചത് അതിന്റെ തെളിവാകുന്നു" തുടങ്ങിയ ആരോപണങ്ങളാണ് പ്രമുഖ ലീഗ് അനുകൂല പത്രമായ *നവായെ വഖ്ത്* (എഡിറ്റോറിയൽ 1946 ഏപ്രിൽ 30) ഉന്നയിച്ചത്. 1946-ൽ നടന്ന ജമാഅത്തിന്റെ മദ്രാസ് സമ്മേളനത്തിൽ മുസ്‌ലിം ലീഗുകാർ അക്രമം അഴിച്ചുവിട്ടത് മറ്റൊരു ഉദാഹരണം. സമ്മേളനം മുഴുമിക്കാനാകാതെ പാതിവഴിയിൽ പിരിച്ചുവിടേണ്ടിവന്നു. പഞ്ചാബിലെ പാഠാൻകോട്ടിൽ വെച്ച് ഒരു മുസ്‌ലിം ലീഗ് നേതാവ് ജമാഅത്ത് നേതാക്കളോട് പറഞ്ഞത്: "നിങ്ങൾ മതപഠനവും പ്രബോധനവും നടത്തിക്കോളൂ. രാഷ്ട്രീയ കാര്യങ്ങളിൽ കൈയിടരുത്. മുസ്‌ലിം ലീഗിനെ ഒട്ടും വിമർശിക്കരുത്" എന്നായിരുന്നു (അബുൽ അഅ്‌ല- ഐ.പി.എച്ച്, പേജ് 101). ജമാഅത്തിനോടുള്ള ലീഗിന്റെ

മതിരെ

എതിർപ്പിനെ ഇവിടെ ഓർമിച്ചത്, വിഭജനത്തെയും പാകിസ്താൻ വാദത്തെയും ജമാഅത്ത് എതിർത്തതിനാലാണ് ജമാഅത്തിനെ വിമർശിക്കാൻ ലീഗ് മുന്നോട്ട് വന്നത് എന്ന് സൂചിപ്പിക്കാനാണ്.

ദ്വിരാഷ്ട്ര വാദത്തെ ശക്തിയായി എതിർത്ത മൗലാനാ മൗദൂദി, രാജ്യം വിഭജിക്കപ്പെട്ടാലുണ്ടാകാവുന്ന ദുരന്തങ്ങളെക്കുറിച്ച് താക്കീതു നൽകുകയും വിഭജനം ഒഴിവാക്കാനുള്ള പ്രായോഗിക നിർദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തിരുന്നു. മൂന്ന് ബദൽ രാഷ്ട്രീയ പരിഹാരങ്ങളാണ് മൗദൂദി സമർപ്പിച്ചത്.

1. സ്വയംഭരണാധികാരമുള്ള മതവിഭാഗങ്ങളുടെ കോൺഫെഡറേഷനാക്കി ഇന്ത്യയെ ഒരു രാജ്യമാക്കി നിലനിർത്തുക. പൊതു വിഷയങ്ങൾ കേന്ദ്ര ഭരണത്തിനു കീഴിലാക്കുകയും മത സാംസ്കാരിക വിഷയങ്ങളിൽ സമുദായ നേതൃത്വങ്ങൾക്ക് സ്വയംഭരണം അനുവദിക്കുകയും ചെയ്യുക.

2. സാംസ്കാരിക സ്വയംഭരണാധികാരമുള്ള സ്റ്റേറ്റുകളാക്കി ഇന്ത്യയെ ഫെഡറൽ സ്വഭാവത്തിൽ പുനക്രമീകരിക്കുക. ആദ്യത്തെ 25 വർഷത്തിനകം ഓരോ സാംസ്കാരിക ജനവിഭാഗങ്ങളും അവരുടേതായ സ്റ്റേറ്റിൽ അധിവാസം ഉറപ്പിക്കുക. പൊതു വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന് വിട്ടുകൊടുക്കുക.


3. ഇന്ത്യയെ രണ്ട് ഫെഡറേഷനാക്കി മാറ്റുക. ഒരു ഫെഡറേഷനിൽ മുസ്ലിം ഭൂരിപക്ഷ സ്റ്റേറ്റുകളും രണ്ടാമത്തേതിൽ ഹിന്ദു ഭൂരിപക്ഷ സ്റ്റേറ്റുകളും ഉൾപ്പെടുത്തുക. പൊതു വിഷയങ്ങളിൽ ഇരു ഫെഡറേഷനുകളും കേന്ദ്ര ഭരണത്തിനു വിധേയമാക്കുക.

മൂന്നിൽ ഒരു മാർഗം സ്വീകരിച്ചാൽ വിഭജനത്തിന്റെ മഹാ ദുരന്തത്തിൽനിന്ന് ഇന്ത്യക്ക് രക്ഷപ്പെടാം എന്ന് മൗലാനാ മൗദൂദി ദീർഘദർശനം ചെയ്തു. ഇത്രയും വ്യക്തതയുള്ള രാഷ്ട്രീയ പരിഹാര നിർദേശങ്ങൾ ദ്വിരാഷ്ട്രവാദം ശക്തിപ്പെട്ട സന്ദർഭത്തിൽ സമർപ്പിച്ച മറ്റൊരു ഇന്ത്യൻ നേതാവിനെ ചരിത്രത്തിൽ കാണാനാവില്ല. ഒടുവിൽ, സാമ്രാജ്യത്വ കുതന്ത്രങ്ങൾ വിജയിക്കുകയും രാജ്യം വിഭജിക്കപ്പെടുകയുമായിരുന്നു.

## വിഭജനത്തിന്റെ മുറിവുണക്കാൻ

ഇന്ത്യാ ചരിത്രത്തിലെ വലിയ ദുരന്തമായിരുന്നു വിഭജനം. "ഇന്ത്യയുടെ ചരിത്രത്തിൽ ഈ പോയ വർഷം ഏറ്റവും മോശമായ വർഷമായിരുന്നുവെന്നതിന് തെളിവിന്റെ ആവശ്യമില്ല. ഇതിന് മുമ്പും വിവിധ സമുദായങ്ങളും വിഭാഗങ്ങളും തമ്മിൽ സംഘർഷങ്ങളും കലാപങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ, ഈ വർഷവും കണ്ടതും കേട്ടതും മനുഷ്യചരിത്രത്തിൽ തുല്യതയില്ലാത്ത സംഗതികളാണ്. വ്യാപകമായ കലാപത്തിൽ രാജ്യത്തിന്റെ ഒരു കോണും സുരക്ഷിതമല്ലെന്ന് മാത്രമല്ല ചില പ്രദേശങ്ങളിൽ ഒരു ജനതയൊന്നടങ്കം സംഘടിതമായി ആയുധമണിഞ്ഞ് ദുർബലരായ അയൽവാസികളെ നശിപ്പിക്കാൻ ആസൂത്രിതമായി യുദ്ധം ചെയ്യുകയുണ്ടായി. സർക്കാർ ജീവനക്കാരും ക്രമസമാധാന പാലനത്തിന്റെ ചുമതലയുള്ളവരും അതിൽ പങ്കെടുത്തു. ചില സ്ഥലങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങളിലെ മന്ത്രിമാർ വരെ കലാപത്തിന് പ്രേരിപ്പിക്കുകയോ അത് കണ്ടില്ലെന്ന് നടിക്കുകയോ ചെയ്തതാണ് ലജ്ജാവഹവും ഖേദകരവുമായ വസ്തുത.

ഈ കലാപങ്ങൾ കാട്ടുതീ പോലെ രാജ്യത്തിന്റെ ശാന്തിയും സമാധാനവും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സാമുദായികവാദികളായ നേതാക്കളും ദുഷിച്ച നായകന്മാരും സ്വാർഥംഭരികളായ പത്ര റിപ്പോർട്ടർമാരും വിദ്വേഷവും കോപവും ഉത്തേജിപ്പിക്കുന്നതിൽ ഒരു കുറവും വരുത്തിയില്ല. വിഷംവമിക്കുന്ന പ്രസംഗങ്ങളും പ്രസ്താവനകളും ലേഖനങ്ങളും, വ്യത്യസ്ത സമുദായങ്ങൾക്കിടയിൽ ഭ്രാന്തോളം എത്തുന്ന കോപവും വെറുപ്പും സൃഷ്ടിച്ചു. സാമുദായിക വിദ്വേഷത്തിന്റെയും ശത്രുതയുടെയും തീനാളങ്ങൾ വീടുകളിലും മഹല്ലുകളിലും അങ്ങാടികളിലുമെല്ലാം വ്യാപിച്ചു. രാജ്യത്ത് കലാപം പകർച്ചവ്യാധി കണക്കെ പടർന്ന് പന്തലിച്ചപ്പോൾ  സമൂഹത്തിൽ നിർണായക സ്വാധീനമുള്ള അഭ്യസ്ത വിദ്യരും മധ്യവർഗവും പതുക്കെപ്പതുക്കെ പങ്കാളികളാകാനാരംഭിച്ചു. ഇന്ത്യയിലെ ജനങ്ങളിൽ അംഗുലീപരിമിതരായവർ മാത്രമാണ് പ്രശ്നത്തെ മാനുഷികവും സത്യസന്ധവും നീതിപൂർവകവുമായി വീക്ഷിക്കുകയും നോക്കിക്കാണുകയും ചെയ്യുന്നത്. ഇന്ന് സാധാരണക്കാരായ ഹിന്ദുവും മുസ്ലിമും സിക്കുകാരനുമൊക്കെ സാമുദായിക പക്ഷപാതിത്വത്തിന് അടിപ്പെട്ട്പോയിരിക്കുന്നു. അവരുടെ അന്തരാളങ്ങളിൽ ശത്രു സമുദായങ്ങളോടുള്ള വിദ്വേഷം ആളിപ്പടരുകയാണ്. അവരിലോരോരുത്തരും പക്ഷപാതിത്തത്താൽ അന്ധരായിരിക്കുന്നു. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും അതിക്രമങ്ങളും അവർ കാണുന്നു.



■ വിഭജനകാലത്തെ ദൽഹിയിലെ ഒരു അഭയാർഥി ക്യാമ്പ്

എന്നാൽ, സ്വസമുദായത്തിന്റെ ചെയ്തികൾ അവർക്ക് കാണാനാവുന്നില്ല. മറ്റുള്ളവരെ വിമർശിക്കുന്നതിൽ അവരുടെ നാവിന് നല്ല മൂർച്ചയാണ്. എന്നാൽ, സ്വസമുദായത്തിലെ നേതാക്കളും രാഷ്ട്രീയ സംഘടനകളുടെ നയങ്ങളും വിമർശനാതീതമാണെന്നാണ് അവരുടെ ധാരണ. മറ്റുള്ളവർ മുച്ചൂടും തിന്മയിൽ മുങ്ങിനിൽക്കുന്നവരും സ്വസമുദായം പാപസുരക്ഷിതരായ മാലാഖമാരാണെന്ന് ധരിച്ചവരുമാണ്. തങ്ങൾ പേരുച്ചരിച്ചു കൊണ്ടിരിക്കുന്ന മതങ്ങളുടെ ശിക്ഷണങ്ങളെന്താണെന്നും അതിനെ തങ്ങൾ നിശ്ശേഷം നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നുമുള്ള ബോധംപോലും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

രാജ്യമൊന്നടങ്കം നാശവും കുഴപ്പവും പടരുന്നു. കൊലയും കൊള്ളയും രക്തച്ചൊരിച്ചിലും രാപ്പകലില്ലാതെ നടമാടുന്നു. രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ രാത്രിയിലെ ഉറക്കവും പകലിലെ സമാധാനവും നഷ്ടപ്പെട്ടിരിക്കുന്നു. സ്വന്തം സുഹൃത്തുക്കളും അയൽവാസികളും തന്നെ തങ്ങളുടെ ജീവനും ധനവും മാനവും നശിപ്പിക്കാൻ തുനിയുന്നു. നേതാക്കളും പത്രാധിപന്മാരും സ്വസമുദായത്തെ ദേശീയതയുടെ ലഹരി കുടിപ്പിച്ച് ഉന്മത്തരും ഉന്മാദികളുമാക്കുന്നു. മതത്തിന്റെ വാഹകരും ജനങ്ങളെ ദൈവഭയം, സദാചാരം, സത്യം, നീതി എന്നിവയിലേക്ക് ക്ഷണിക്കുന്നതിന് പകരം ദേശീയതയുടെയും സാമുദായികതയുടെയും ആരാധകരാക്കി മാറ്റുന്നു" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി, ഭാഗം 5, പേജ് 36).

അഭയാർഥി പ്രവാഹവും സാമുദായിക സംഘർഷങ്ങളും കലാപങ്ങളും കത്തിയാളിയ ആ കറുത്ത നാളുകളിൽ, സ്നേഹ സാന്ത്വനത്തിന്റെയും സാമുദായിക മൈത്രിയുടെയും സന്ദേശങ്ങളും സഹായ ഹസ്തങ്ങളുമായി പരിമിതമായ രൂപത്തിലാണെങ്കിലും ജമാഅത്തെ ഇസ്‌ലാമി കർമനിരതമായി. സംഘർഷത്തിന്റെ ഇരകളെ വിഭാഗീയതകൾക്കതീതമായി സംരക്ഷിക്കാനും സമാധാനന്തരീക്ഷം പുനഃസ്ഥാപിക്കാനും ജമാഅത്ത് കഴിവിന്റെ പരമാവധി പരിശ്രമിച്ചു. "രാജ്യത്ത് നടമാടിയ കലാപങ്ങൾ ഹിന്ദു, മുസ്‌ലിം, സിക്ക് സമുദായങ്ങളിലെ നിരവധിയാളുകളുടെ ജീവനും ധനവും അപഹരിക്കുകയുണ്ടായെങ്കിലും ദൈവാനുഗ്രഹത്താൽ നമ്മുടെ അംഗങ്ങളിൽ ആർക്കും കാര്യമായ നഷ്ടമൊന്നും സംഭവിച്ചില്ല. ഈ സമയത്ത് അവരാരും വീടുകളിൽ ഒളിഞ്ഞിരിക്കുകയായിരുന്നില്ല. സ്വഭാവസംസ്കരണത്തിനും, സത്യത്തിലേക്കും നീതിയിലേക്കും ജനങ്ങളെ ക്ഷണിക്കുന്നതിനുവേണ്ടിയും സജീവമായി പ്രവർത്തിക്കുകയായിരുന്നു അവർ. പല സ്ഥലങ്ങളിലും കലാപം തടയുന്നതിൽ അവർ വിജയിക്കുകയുണ്ടായി. ഒരിടത്ത് അമുസ്‌ലിംകൾ പൊതുയോഗം വിളിച്ചുകൂട്ടി ജമാഅ

ത്തിന് നന്ദി രേഖപ്പെടുത്തുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയുള്ള പ്രദേശങ്ങളിൽ കലാപങ്ങൾക്ക് സാധ്യതയില്ലെന്നുവരെ അവർ പ്രഖ്യാപിച്ചു. അമുസ്‌ലിംകൾ മുസ്‌ലിംകൾക്ക് വളരെയധികം നഷ്ട മേൽപിച്ച മറ്റൊരു പട്ടണത്തിൽ ജമാഅത്തിന്റെ പ്രാദേശിക ബുക്സ്റ്റാൾ ആക്രമിച്ച അമുസ്‌ലിം കളെ പിന്തിരിപ്പിച്ചത് ജമാഅത്ത് സാഹിത്യങ്ങളും അതിന്റെ സന്ദേശവും മനസ്സിലാക്കിയ ഒരു അമുസ്‌ലിം ആയിരുന്നു" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി, ഭാഗം 5).

അഭയാർഥി ക്യാമ്പുകൾ തുറന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയും ജനങ്ങൾക്ക് സാന്ത്വനമേകിയ ജമാഅത്ത്, കലാപ സമയത്തേക്ക് പ്രത്യേക പെരുമാറ്റച്ചട്ടം പുറത്തിറക്കുകയു ണ്ടായി. വിഭജനാനന്തരകാലത്ത് ഇന്ത്യയിലുണ്ടായ കലാപങ്ങളിലും ജമാഅത്ത് പ്രവർത്തകർ ഇതേ നിർദേശങ്ങൾ മുറുകെപ്പിടിക്കുകയുണ്ടായി. മാനവികത ഉയർത്തിപ്പിടിക്കുന്ന പ്രസ്തുത നിർദേശ ങ്ങൾ ചുവടെ:

1. കലാപവേളയിൽ ജമാഅത്ത് പ്രവർത്തകരുടെ ഏറ്റവും വലിയ രക്ഷാമാർഗം അവരുടെ ധാർമിക സമീപനവും സാമുദായികവും വംശീയവുമായ സങ്കുചിതത്വങ്ങളിൽനിന്ന് ഉയർന്നുനിന്ന് നന്മയിലേക്കും ക്ഷേമത്തിലേക്കുമുള്ള ക്ഷണവും ആയിരിക്കണം. ഇക്കാര്യത്തിൽ അവർ എത്ര ത്തോളം ഉറച്ചുനിൽക്കുന്നുവോ, എത്രകണ്ട് തിന്മയിൽനിന്ന് വിട്ടുനിൽക്കുകയും നന്മയിലേക്ക് ക്ഷണി ക്കുകയും ചെയ്യുന്നുവോ അത്രകണ്ട് അവർക്ക് രക്ഷയുണ്ടാവും. എത്രത്തോളം അവർ നിഷ്ക്രിയ രാകുന്നുവോ അത്രത്തോളം അവർ അപകടത്തിലായിരിക്കുകയും ചെയ്യും.

2. കലാപവേളയിൽ ഏതെങ്കിലും ജമാഅത്ത് പ്രവർത്തകനുനേരെ അക്രമണം നടക്കുകയാ ണെങ്കിൽ, ആക്രമണകാരിയെ കഴിയുന്നത്ര ഉപദേശിച്ചു നോക്കണം. ഉപദേശത്തിന് അവസരമില്ലെ ങ്കിൽ ആത്മരക്ഷക്കുവേണ്ടി അയാൾക്ക് കൈയുയർത്താവുന്നതാണ്. ഇതിനിടയിൽ ഒരാളെ കൊല്ലാൻ ഇടവന്നാൽതന്നെ മതദൃഷ്ട്യാ അയാൾ കുറ്റവാളിയായിരിക്കുകയില്ല. ആത്മരക്ഷക്കുവേണ്ടി കൈയു യർത്തുന്നവൻ അല്ലാഹുവിന്റെ മുമ്പിൽ നിരപരാധിയാണ്. സ്വയം പ്രതിരോധത്തിനിടയിൽ മരണ പ്പെട്ടുപോയാലാകട്ടെ, അയാൾ രക്തസാക്ഷിയുമായിരിക്കും.

3. ഹിന്ദുവോ മുസ്‌ലിമോ ഒരാളെ ആക്രമിക്കുന്നതു കണ്ടാൽ അത് തടയുവാനും മർദിതനെ രക്ഷിക്കാനും പരമാവധി ശ്രമിക്കണം. ഇതിനുവേണ്ടി ജീവൻ അപകടപ്പെടുത്തേണ്ടി വന്നാൽ അതിനും തയാറാവണം.

4. കലാപത്തിനിടയിൽ ഏതെങ്കിലും വ്യക്തിയോ കുടുംബമോ ആപത്തിലകപ്പെട്ടാൽ, മുസ്‌ലിമോ അമുസ്‌ലിമോ എന്നു നോക്കാതെ, അഭയമർഥിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സ്വയം മുന്നോട്ടു വന്ന് അവർക്ക് അഭയം നൽകണം. സ്വന്തം ജീവൻ അപകടപ്പെടുത്തിയാലും അവരെ രക്ഷിക്കാൻ ശ്രമിക്കണം.

5. കലാപസമയത്ത് കിട്ടുന്ന അവസരങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട് ജനങ്ങളെയും സാധ്യമാ വുകയാണെങ്കിൽ കലാപകാരികളെയും ബോധവൽക്കരിക്കുവാനും അവരിൽ ദൈവഭയമുണ്ടാക്കു വാനും ശ്രമിക്കണം. അവർ മുസ്‌ലിംകളാണെങ്കിൽ ഇസ്‌ലാമിന്റെ യഥാർഥ ലക്ഷ്യവും അത് നേടു ന്നതിനുള്ള ശരിയായ മാർഗവും അവർക്കു പറഞ്ഞുകൊടുക്കണം. സാമുദായിക കലാപവും സംഘർഷവും ഒരിക്കലും അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയില്ലെന്ന് അവർക്ക് വ്യക്തമാക്കിക്കൊ ടുക്കണം. ഇനി അവർ അമുസ്‌ലിംകളാണെങ്കിൽ ദേശീയതയുടെ ദുഷ്ഫലങ്ങൾ അവരെ പറഞ്ഞു ധരിപ്പിക്കണം. കലാപവേളയിൽ മുസ്‌ലിംകളോടൊപ്പം നിലയുറപ്പിക്കുന്നതിന് പ്രവർത്തകർക്ക് മൂന്ന് ഉപാധികൾ ജമാഅത്ത് വെച്ചിരുന്നു.

1. പ്രതിരോധത്തിൽ മാത്രമേ നാം പങ്കെടുക്കുകയുള്ളൂ. മുസ്‌ലിംകൾ അതിക്രമം കാണിക്കുക യാണെങ്കിൽ നാം അവരോടൊപ്പം നിൽക്കുകയില്ല.

2. മുസ്‌ലിംകൾ ഇസ്‌ലാമികമായ പരിധികൾ പാലിക്കണം. അതായത് സ്ത്രീകൾ, കുട്ടികൾ, രോഗികൾ, ദുർബലർ, യാത്രക്കാർ തുടങ്ങിയവരെ ആക്രമിക്കരുത്. അങ്ങനെ ചെയ്താൽ നാം വിട്ടു പോകുന്നതായിരിക്കും.

3. സംഘട്ടത്തിനുശേഷം കേസുസംബന്ധമായ നടപടികളിലും ഇസ്‌ലാമിന്റെ പരിധികൾ പാലി ക്കണം. അവർ കള്ളസാക്ഷി പറയുകയും നിരപരാധികളെ പിടികൂടുകയുമാണെങ്കിൽ നാം അവരു മായി വിടപറയുന്നതാണ്. കാരണം, ആദർശത്തെ യാതൊന്നിനും ബലിനൽകാൻ നാം തയാറല്ല. ലോകത്തിലെ ഏതൊരു കാര്യത്തിലും ഇസ്‌ലാമികപരിധികൾ പാലിച്ചുകൊണ്ടേ നമുക്ക് പങ്കുവഹി

ക്കാൻ സാധിക്കുകയുള്ളൂ" (*തർജുമാനുൽ ഖുർആൻ* വാള്യം 29, ലക്കം 5, പേജ് 278).

1946 സെപ്റ്റംബറിൽ മൗലാനാ മൗദൂദിയുടെ അധ്യക്ഷതയിൽ ചേർന്ന ജമാഅത്ത് കൂടിയാലോചന സമിതിയാണ് ഈ നിർദേശങ്ങൾ നൽകാൻ തീരുമാനമെടുത്തത്. ഈ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ, കലാപത്തീയണക്കാനും കലാപബാധിതർക്ക് സേവനം ചെയ്യാനും ജമാഅത്ത് പ്രവർത്തകർ കാണിച്ച ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ, ജമാഅത്തിന്റെ പ്രവർത്തന റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്.

## കലാപവും ജമാഅത്തെ ഇസ്‌ലാമിയും

"13.4.1946-ലെ യു.പി കലാപത്തോടെ കലാപ പരമ്പര ആരംഭിച്ചിരുന്നു. എന്നാൽ, 1946 ആഗസ്റ്റ് മുതലാണ് അത് കാട്ടുതീപോലെ രാജ്യത്താകമാനം വ്യാപിക്കാൻ തുടങ്ങിയത്. നാഴികകൾ നീണ്ട പ്രദേശങ്ങളിൽ ശരിക്കും യുദ്ധംതന്നെ നടന്നു. അവിടങ്ങളിലെ ന്യൂനപക്ഷങ്ങളെ നിശ്ശേഷം തുടച്ചു നീക്കാനുള്ള ആസൂത്രിത പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ വർഗീയാഗ്നി ആളിപ്പടർത്തുന്നതിൽ ഇരു സമുദായങ്ങളിലെയും നേതാക്കളും പത്രങ്ങളും പൂർണമായ പങ്കുവഹിച്ചുവെന്നതാണ് നമ്മെ ഏറ്റവും വേദനിപ്പിച്ച വസ്തുത. കലാപം ഇല്ലാതാക്കാനോ ശത്രുതക്കും വിദ്വേഷത്തിനും പകരം ഇരുസമുദായങ്ങൾക്കുമിടയിൽ സ്നേഹത്തിലും രഞ്ജിപ്പിലും അധിഷ്ഠിതമായ ബന്ധം സ്ഥാപിക്കാനോ ഒരാൾ പോലും ശ്രമിക്കുകയുണ്ടായില്ല. ദൈവത്തിന്റെ ഭൂമിയിൽ ശാന്തിയും നീതിയും സ്ഥാപിക്കാൻ പരമാവധി ശ്രമിക്കുകയും ശക്തിയുണ്ടെങ്കിൽ അതുപയോഗിച്ച് നാശകാരികളെ തടയുകയും ചെയ്യും എന്നതാണ് മാന്യരായ മനുഷ്യരുടെ ഉത്തരവാദിത്വം.

വർഗീയാഗ്നി ആളിപ്പടരുന്നതിനു മുമ്പുതന്നെ അതിന്റെ അടയാളങ്ങൾ ജമാഅത്തെ ഇസ്‌ലാമി മനസ്സിലാക്കിയിരുന്നു. എന്നല്ല, പരസ്പര സംഘട്ടനത്തിലേക്കും നാശത്തിലേക്കും നയിക്കുന്ന പാതയിലൂടെയാണ് നിങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഇന്ത്യയിലെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ വർഷങ്ങളായി അത് ശ്രമിച്ചുകൊണ്ടിരുന്നിട്ടുമുണ്ട്."

"പല സ്ഥലങ്ങളിലും നമ്മുടെ റഫീഖുകളും ഹംദർദുകളും നന്നായി പ്രവർത്തിച്ചിട്ടുണ്ടെന്നും തങ്ങളുടെ സ്വഭാവ പെരുമാറ്റങ്ങളും നീതിനിഷ്ഠയും വഴി ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ശരിയായ സേവനം ചെയ്തുകൊടുക്കുകയുണ്ടായെന്നും അറിഞ്ഞതിൽ സന്തോഷമുണ്ട്. എന്നാൽ, രാജ്യത്ത് ജമാഅത്തിന്റെ അംഗസംഖ്യ തുലോം കുറവാണ്. അതിനാൽ, ജമാഅത്ത് നിർവഹിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലം പൊതുവെ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല. എന്നാൽ, അമൃതസർ, റാവൽപിണ്ഡി, ഝലം, കംബൽപൂർ, റിവാഡി (ഹസാർ ജില്ല), ബാബാപൂർ(നിസാമാബാദ് ജില്ല) എന്നിവിടങ്ങളിൽ നമ്മുടെ അംഗങ്ങളും ഹംദർദുകളും ചെയ്ത പ്രവർത്തനങ്ങൾ ഇവിടെ എടുത്തുപറയേണ്ടതാണ്. കാരണം, ഇത്തരം സംഘർഷഭരിതമായ സാഹചര്യങ്ങളിൽ എങ്ങനെയാണ് പ്രവർത്തിക്കുക എന്ന് പരിഭ്രാന്തിപ്പെടുന്ന നമ്മുടെ റഫീഖുകളും ഹംദർദുകളും തങ്ങളുടെ മറ്റു റഫീഖുമാർ എങ്ങനെയാണ് പ്രവർത്തിച്ചത് എന്ന് മനസ്സിലാക്കേണ്ടതാവശ്യമാണ്.

അമൃതസറിലെ ഒരു ഗ്രാമത്തിൽ നമ്മുടെ ഒരു ഹംദർദ് ഇരു സമുദായത്തിലെയും ആയുധമണിഞ്ഞ അക്രമകാരികളെ 24 മണിക്കൂർ നേരം സ്വന്തം ജീവൻ പണയപ്പെടുത്തിക്കൊണ്ട് തടഞ്ഞുനിർത്തുകയും രാപ്പകൽ അവരെ ബോധവൽക്കരിക്കുകയും ചെയ്തു. അങ്ങനെ ആ ഗ്രാമത്തെ കലാപത്തിൽനിന്നും രക്ഷപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. കലാപാനന്തരം സിവിൽ ഹോസ്പിറ്റലിലെത്തിയ ജമാഅത്ത് പ്രവർത്തകർ മുറിവേറ്റവരിലും അവരെ പരിചരിക്കുന്നവരിലും വർഗീയ ചിന്തകൾ പ്രവർത്തിക്കുന്നതായി കണ്ടു. അവർ മത-സമുദായ ഭേദമന്യേ എല്ലാവരെയും ശുശ്രൂഷിക്കാനാരംഭിച്ചു. മുറിവേറ്റ ഹിന്ദുക്കളും മുസ്‌ലിംകളും സിക്കുകാരും തങ്ങളുടെ കുടുംബത്തേക്കാളുപരി അവരിൽ വിശ്വാസമർപ്പിച്ചു. അധികപേരും ഭാവിയിൽ അവരുമായി ബന്ധപ്പെടാൻ അഡ്രസ് എഴുതിയെടുക്കുകയും ഇത്തരം ആളുകളെ സൃഷ്ടിക്കുന്ന നിങ്ങളുടെ മാർഗം മനസ്സിലാക്കാൻ നിങ്ങളുമായി ബന്ധപ്പെടുമെന്നറിയിക്കുകയും ചെയ്തു. അമുസ്‌ലിംകൾ മാത്രം അധിവസിക്കുന്ന ഒരു പ്രദേശത്ത് ജമാഅത്ത് ബുക്സ്റ്റാൾ അക്രമിച്ച ഹിന്ദുക്കളെയും സിക്കുകാരെയും ഒരു സിക്കുകാരൻ തന്നെ തടഞ്ഞത് നാം പ്രകടിപ്പിച്ച ഈ സ്വഭാവത്തിന്റെ സ്വാധീനമായിരുന്നു.

റാവൽപിണ്ടിയിലെ നമ്മുടെ ഒരംഗത്തിന്റെയും ഹംദർദിന്റെയും പ്രവർത്തനവും പ്രശംസാർഹമായിരുന്നു. അവരുടെ ഗ്രാമത്തിൽ അവർ രണ്ട് പേരുടേതുമല്ലാത്ത മറ്റെല്ലാ വീടുകളും ഹിന്ദുക്കളു

ടേതും സിഖുകാരുടേതുമായിരുന്നു. അവർ രണ്ട് പേരുടെയും വീടുകൾക്കിടയിലാവട്ടെ ധാരാളം അകലമുണ്ടായിരുന്നു. അവർ സുരക്ഷിതരായി എന്നു മാത്രമല്ല, അവരുടെ നിരന്തര പരിശ്രമ ഫല മായി അമുസ്‌ലിംകളെ കലാപത്തിൽനിന്ന് തടയാനും രക്ഷപ്പെടുത്താനും സാധിച്ചു. നമ്മുടെ മറ്റ് റഫീഖുകളും ഹംദർദുകളും കലാപം നടന്നുകൊണ്ടിരിക്കെ ദിനരാത്ര ഭേദമന്യേ അവരെ സന്ദർശി ക്കുകയും സുഖവിവരങ്ങൾ അന്വേഷിക്കാൻ ആ ഗ്രാമത്തിൽ പോയിക്കൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ ഒരമുസ്‌ലിമും അവർക്ക് നേരെ ദൃഷ്ടി ഉയർത്തിനോക്കുകപോലും ചെയ്തില്ല.

ഝലം ജില്ലയിൽ മുസ്‌ലിം കലാപകാരികൾ ബീഹാറിലെയും ഗഢ്മുക്തേശ്വരിലെയും അമുസ്‌ലിം കലാപകാരികളുടെ മാതൃക പിൻപറ്റി അമുസ്‌ലിം ന്യൂനപക്ഷത്തിന് നേരെ ശക്തമായ ആക്രമണം അഴിച്ചുവിട്ടു. അവിടെ നമ്മുടെ റഫീഖുകൾ തങ്ങളുടെ സ്വാധീനമുപയോഗപ്പെടുത്തി മർദിതരെ സഹായിക്കാനും സംരക്ഷിക്കാനും ചെയ്ത പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് ഒരു പ്രാദേശിക നേതാവ് ഹിന്ദുക്കളുടെ ഒരു പ്രതിനിധി സംഘത്തോടു പറഞ്ഞു:

"ഈ പ്രദേശത്ത് ഇവരുള്ളതിൽ നാം അഭിമാനിക്കുന്നു. അവരുടെ ധാർമിക ഉത്തരവാദിത്വം നിർവഹിക്കാൻ അവർ പരമാവധി അധ്വാനിച്ചു. അവർ നൽകിയ ഏതാനും സാഹിത്യങ്ങൾ– രക്ഷാ സരണി, ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം, ഇസ്‌ലാമും ജാഹിലിയ്യത്തും, ജിഹാദ് ഫീ സബീലി ല്ലാഹ്– ഞാൻ വായിച്ചിട്ടുണ്ട്. കൗസർ പത്രവും തുടർച്ചയായി വായിക്കാറുണ്ട്. ശരിയായ മാനു ഷിക സദാചാരാടിത്തറയിൽ പ്രവർത്തിക്കുന്ന വല്ല സംഘടനയുമുണ്ടെങ്കിൽ അത് ഇവരുടേത് മാത്ര മാണ്. ഇന്നത്തെ നേതാക്കന്മാരെയും പത്രാധിപന്മാരെയും മാറ്റി നിർത്തിയാൽ ഇന്നു തന്നെ ഹിന്ദു– മുസ്‌ലിം കലാപങ്ങൾ അവസാനിക്കുകയും ഇരു സമുദായങ്ങളും പരസ്പരം ആശ്ലേഷിക്കുകയും ചെയ്യുന്നതാണ്."

കോമ്പൽപൂരിൽ നമ്മുടെ ഒരു റഫീഖിന്റെ കൃഷിപ്പണിക്കാരിൽ ചിലർ കൊള്ളയിൽ പങ്കെടു ത്തു. ഇതറിഞ്ഞ ആ റഫീഖ്, അദ്ദേഹം രോഗം ബാധിച്ച് കിടപ്പിലായിരുന്നിട്ടും ഉടനെ സംഭവസ്ഥല ത്തെത്തുകയും കൊള്ളമുതലുകൾ യഥാർഥ അവകാശികൾക്ക് തിരിച്ചുകൊടുപ്പിക്കുകയും ചെയ്തു. മാത്രമല്ല, ഹിന്ദുക്കളും സിഖുകാരും തന്റെ സംരക്ഷണത്തിലാണെന്നും അവർക്കൊരു അപകടവും സംഭവിക്കുകയില്ലെന്നും താൻ വധിക്കപ്പെട്ടതിന് ശേഷമല്ലാതെ ആരും നിങ്ങളുടെ മേൽ കൈവെ ക്കുകയില്ലെന്നും ഉറപ്പു നൽകുകയും ചെയ്തു.

ഹസാർ ജില്ലയിലെ റിവാഡിയിൽ പെരുന്നാൾ ദിവസം ഇരു സമുദായങ്ങൾക്കിടയിൽ പ്രശ്ന ങ്ങളുണ്ടായെങ്കിലും പ്രാദേശിക ജമാഅത്ത് അമീറിന്റെ സൽപെരുമാറ്റവും സന്ദർഭോചിതമായ ഇട പെടലും കാരണം അന്തരീക്ഷം ശാന്തവും സന്തോഷപ്രദവുമായി.

നിസാമാബാദ് ജില്ലയിലെ ബാബാപൂരിൽ ഇരു സമുദായങ്ങൾ ആയുധമെടുക്കാൻ മാത്രം അവസ്ഥ മോശമായി. എന്നാൽ, പ്രാദേശിക ജമാഅത്ത് ജീവൻ അപകടത്തിലാക്കി രാവും പകലും അധ്വാനിച്ചതിന്റെ ഫലമായി അന്തരീക്ഷം അനുകൂലമായിത്തീർന്നു. ഒടുവിൽ ഹിന്ദുക്കളും മുസ്‌ലിം കളും സംയുക്ത യോഗങ്ങളും ചായ സൽക്കാരവുമൊക്കെ നടത്തുന്നതുവരെ കാര്യങ്ങളെത്തി. നേര ത്തെ ഝലം ജില്ലയിലെ ആളുകൾ പറഞ്ഞതുപോലെ യുള്ള അഭിപ്രായങ്ങൾ ഇവിടത്തെ ഹിന്ദു ക്കളും പറയുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി ഉള്ളേടത്ത് കലാപമുണ്ടാവുകയില്ലെന്ന് അവർ ഇരു സമുദായങ്ങൾക്കും ഉറപ്പുനൽകി.

നവാഖാലിയിലെ കലാപത്തിനുശേഷം ജമാഅത്ത് ഒരു വലിയ സംഘടനയായിട്ടില്ലെങ്കിലും പ്രബല ഹിന്ദു മുസ്‌ലിം സംഘടനകളുടെ മേൽ വന്നുചേരുന്നത് പോലുള്ള ഉത്തരവാദിത്വം അതി നില്ലെങ്കിലും –ഉള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തി മർദിതരെ സഹായിക്കാനും ധൈര്യം പകരാനും തങ്ങളാലാവുന്നത് ചെയ്യണമെന്ന് ജമാഅത്ത് ആലോചിച്ചു. ഖേദകരമെന്ന് പറയട്ടെ, കിഴക്കൻ ബംഗാ ളിൽ ജമാഅത്തിന് ഒരംഗമോ ഒരു ഹംദർദോ ഇല്ല. മാത്രമല്ല, അവിടെ നമ്മുടെ ശബ്ദം പോലും എത്തിയിട്ടില്ല. അതിനാൽ ആ പ്രദേശത്ത് നമുക്കൊന്നും ചെയ്യാനായില്ല. അതിനു ശേഷം ബീഹാ റിൽ മുസ്‌ലിംകൾ കൂട്ടക്കുരുതിക്ക് വിധേയരായപ്പോൾ നാം പാറ്റ്നയിൽ ക്യാമ്പ് സ്ഥാപിക്കുകയും പ്രാദേശിക ജമാഅത്തിനെ സഹായിക്കാൻ ബഹുമാന്യനായ സഹോദരൻ മുഹമ്മദ് അബ്ദുൽ ജബ്ബാർ ഗാസി സാഹിബിനെ കേന്ദ്ര തർബിയ്യത്ത് ഗാഹിനോടൊപ്പം അങ്ങോട്ട് അയക്കുകയും ചെയ്തു" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി, ഭാഗം 5).

ഇന്ത്യാ വിഭജനം തീരുമാനമായിക്കഴിഞ്ഞ സാഹചര്യത്തിൽ 1947 ആഗസ്റ്റ് 26ന് മദ്രാസിൽ ചേർന്ന ജമാഅത്തിന്റെ ദക്ഷിണ മേഖലാ സമ്മേളനത്തിൽ മൗലാനാ മൗദൂദി ചെയ്ത പ്രസംഗ

ത്തിൽ ഇന്ത്യൻ മുസ്‌ലിംകളെ പൊതുവെയും ജമാഅത്ത് പ്രവർത്തകരെ പ്രത്യേകമായും അദ്ദേഹം ഉണർത്തിയ നാല് കാര്യങ്ങളിൽ ഒന്നാമത്തേത് ഹിന്ദു മുസ്‌ലിം മൈത്രി ശക്തിപ്പെടുത്തണമെന്നതായിരുന്നു: “മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കുമിടയിൽ ഇപ്പോൾ നടന്നുവരുന്ന സാമുദായിക സംഘർഷത്തിന് അറുതിവരുത്തുക. മുസ്‌ലിംകൾ ഇസ്‌ലാമിന് വേണ്ടി പ്രവർത്തിക്കുന്നതിനു പകരം തങ്ങളുടെ സാമുദായിക താൽപര്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്നതുതന്നെ എന്റെ വീക്ഷണത്തിൽ തെറ്റാണ്” (ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപതിപ്പ്, പേജ് 107).

സാമുദായിക സ്വഭാവത്തിലല്ല, ആദർശാധിഷ്ഠിതമായി മാനവികത ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി വർഗീയവൈരം ശമിപ്പിക്കാനും വിഭജനത്തിന്റെ മുറിവുണക്കാനും പരിശ്രമിച്ചത്. ഇന്ത്യാ ചരിത്രത്തിലെ ആ ഇരുണ്ട ഘട്ടത്തിൽ വെളിച്ചത്തിന്റെ ചെറിയൊരു നാളമായി ജമാഅത്തെ ഇസ്‌ലാമി നിലകൊണ്ടു. മത നിരപേക്ഷതയിലും സമുദായ മൈത്രിയിലും അധിഷ്ഠിതമായ ഇന്ത്യൻ മതേതരത്വത്തിന്, പിറവിയുടെ സന്ദർഭത്തിൽതന്നെ ജമാഅത്തെ ഇസ്‌ലാമി നൽകിയ സംഭാവനകളായിരുന്നു, വിഭജന സമയത്ത് സമുദായ സംഘർഷം ഇല്ലാതാക്കാനും മതമൈത്രി നിലനിർത്താനും നടത്തിയ മഹത്തായ ഇടപെടലുകൾ. ■

(തുടരും)